# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ ദേശീയ പാത വയലാർ ജംഗ്ഷൻ മുതൽ പള്ളിപ്പുറം ഇൻഫോപാർക്ക് വരെ റോഡ് നിർമ്മിക്കുകയും വയലാർ കായലിന് കുറുകെ പാലം നിർമ്മിക്കുന്നന്നതുമാണ് നിർദ്ദിഷ്ട പദ്ധതി. പള്ളിപ്പുറം മൂന്ന് വശവും വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന ഒരു ഗ്രാമമാണ്. പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ്, എൻ.എസ്.എസ് കോളേജ്, പള്ളിപ്പുറം എന്നീ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളും മലബാർ സിമൻറ്സ്, ചേർത്തല ഇൻഫോപാർക്ക് എന്നിവ പള്ളിപ്പുറത്താണ് സ്ഥിതി ചെയ്യുന്നത്. ഇവിടെയുള്ള കോളേജുകളിലെ വിദ്യാർത്ഥികളും ഇൻഫോ പാർക്കിൽ ജോലി ചെയ്യുന്ന ഭൂരിഭാഗം ജോലിക്കാരും വയലാറിലും ആലപ്പുഴയുടെ പടിഞ്ഞാറ് ഭാഗത്തും താമസിക്കുന്നവരാണ്. ഇവർ ചേർത്തലയിൽ എത്തിയ ശേഷം മാത്രമണ് പള്ളിപ്പുറത്ത് എത്തിച്ചേരുവാൻ സാധിക്കുന്നത്. ഇത് വളരെയധികം സമയം നഷ്ടപ്പെടുത്തുന്നു..വയലാർ കായലിന് കുറുകെ പാലം നിർമ്മിക്കുന്നത് ജനങ്ങളുടെ യാത്രാക്ലേശം കുറക്കുന്നതിന് സഹായകമാവുകയും ചെയ്യും. നിർദ്ദിഷ്ട പദ്ധതി യാധാർഥ്യമാകുമ്പോൾ ദേശീയ പാതയിലേക്ക് ഈ പ്രദേശത്തുള്ളവർക്ക് നേരിട്ട് എത്തുന്നതിന് എളുപ്പമാകുന്നു. ഈ പദ്ധതിയിലൂടെ വയലാർ, പള്ളിപ്പുറം പഞ്ചായത്തുകളുടെ സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്.

## 1.2.സ്ഥലം

പദ്ധതി പ്രദേശം ആലപ്പുഴ ജില്ലയിലെ വയലാർ പഞ്ചായത്തിലെ 3,4,5,13,14,15 എന്നീ വാർഡുകളിലും പള്ളിപ്പുറം പഞ്ചായത്തിലെ 9,12,13,14 എന്നീ വാർഡുകളിലും ഉൾപ്പെടുന്നു. വയലാർ, പള്ളിപ്പുറം എന്നീ പഞ്ചായത്തുകളുമായി വയലാർ കായലിന് കുറുകെയാണ് നിർദ്ദിഷ്ട പദ്ധതിയിലുൾപ്പെടുന്ന പാലം നിർമ്മിക്കുന്നത്.

## 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

2022 നവംബർ 21 തീയ്യതിയിലെ കേരള ഗസറ്റ് നമ്പർ 3925 ൽ പ്രസിദ്ധപ്പെടുത്തിയ ആലപ്പുഴ ജില്ലാ കളക്ടറുടെ 2022 നവംബർ 19 തീയതിയിലെ വിജ്ഞാപനം നമ്പർ ജി.4/691/2020 പ്രകാരം ദേശീയ പാത വയലാർ കവല മുതൽ പള്ളിപ്പുറം ഇൻഫോപാർക്ക് വരെ റോഡ്/പാലം നിർമ്മിക്കുന്നതിന് വേണ്ടി ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ വയലാർ കിഴക്ക്, പള്ളിപ്പുറം എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന 323 സെൻറ് ഭൂമിയാണ് ഏറ്റെടുക്കപ്പെടുന്നത്. പ്രസ്തുത വിജ്ഞാപനത്തിൻെറ വിവരങ്ങൾ അനുബന്ധം 1 ൽ കൊടുത്തിരിക്കുന്നു.റവന്യൂ രേഖകൾ പ്രകാരം ഈ പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ ഭൂരിഭാഗവും സ്വകാര്യ ഉടമസ്ഥതയിലുള്ള പുരയിട ഭൂമിയാണ്. കൂടാതെ നിലം, പുറമ്പോക്ക്, പുരയിടം/ നിലം എന്നിവയിലും ഉൾപ്പെടുന്നു.

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പദ്ധതിക്കായി നിലവിൽ നിർദ്ദേശിച്ചിരിക്കുന്ന അലൈന്മെൻറ് അല്ലാതെ മറ്റ് മർഗ്ഗങ്ങൾ പരിഗണിച്ചിട്ടില്ല,

### 1.5.സാമൂഹ്യ പ്രത്യാഘാതങ്ങൾ

പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ പ്രധാന ആഘാതങ്ങൾ താഴെ പറയുന്നു.

- വയലാർ കിഴക്ക് വില്ലേജിലെ 192 ഭൂവുടമകളുടേയും പള്ളിപ്പുറം വില്ലേജിലെ 46 ഭൂവുടമകളുടേയും ഉടമസ്ഥതയിലുള്ള ഭൂമി ഏറ്റെടുക്കപ്പെടും. കേരള വാട്ടർ അതോറിറ്റിയുടെ പള്ളിപ്പുറം, വയലാർ എന്നീ രണ്ട് ഗ്രാമ പഞ്ചായത്തുകളിലുള്ള ഭൂമിയും വയലാർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന ഭൂമിയും ഏറ്റെടുക്കപ്പെടുന്ന വയിൽ ഉൾപ്പെടുന്നു.
- പദ്ധതി പ്രദേശത്തെ 2 വീടുകൾ പൂർണ്ണമായും 10 വീടുകൾ ഭാഗീകമായും പൊളിച്ച് മാറ്റപ്പെടും .അഞ്ച് വീടുകളുടെ കിണർ, സെപ്റ്റിടാങ്ക്, അടുക്കള മറ്റ് യൂട്ടിലിറ്റീസ് എന്നിവ ഭാഗീകമായോ പൂർണ്ണമായോ പൊളിച്ച് മാറ്റേണ്ടി വരും.
- 5 കുടുംബങ്ങളുടെ മുഖ്യഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നു, 41 കുടുംബങ്ങൾ പദ്ധതി ബാധിത പ്രദേശത്ത് ബിസിനസ്സ് അല്ലെങ്കിങ്കിൽ വാടകക്ക് കെട്ടിടങ്ങൾ നൽകി വരുമാനം കണ്ടെത്തുന്നുണ്ട്. നിർമ്മാണ ഘട്ടത്തിൽ ഈ

കുടുംബങ്ങളുടേയും ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടേയും ഉപജീവനമാർഗ്ഗം/വരുമനം മാർഗ്ഗം തടസ്സപ്പെടും.

- ❖ പദ്ധതി പ്രദേശത്തെ റോഡിന് ഇരുവശങ്ങളിലുമുള്ള 63 കുടുംബങ്ങളുടെ ചുറ്റുമതിൽ 49 കുടുംബങ്ങളുടെ ഗേറ്റ് എന്നിവ പൊളിച്ച് മാറ്റേണ്ടി വരും. ഇരുവശങ്ങളിലുമുള്ള കടകൾ, സ്ഥാപനങ്ങൾ എന്നിവയെ ഭാഗീകമായോ പൂർണ്ണമായോ ബാധിക്കും.
- ❖ പാലം നിർമ്മാണത്തിനായി പദ്ധതി പ്രദേശത്ത് നിന്നും തെങ്ങ്, കമുക്, മാവ് എന്നീ മരങ്ങൾ ഉൾപ്പെടെ ഏകദേശം 300 വിവിധ ഫലദായക വൃക്ഷങ്ങൾ മുറിച്ചു മാറ്റപ്പെടും.

## 1.6. ലഘൂകരണ നടപടികൾ

പദ്ധതിപ്രദേശം സന്ദർശിച്ചതിലൂടെയും, വിവരങ്ങൾ ശേഖരിച്ചതിലൂടെയും, പദ്ധതിയുടെ ആഘാത ബാധിത കുടുംബങ്ങളും തൽപ്പരകക്ഷികളുമായുള്ള അഭിമുഖങ്ങളേയും അടിസ്ഥാനമാക്കി താഴെ പറയുന്ന ദുരീകരണ നടപടികൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം നിർദ്ദേശിക്കുന്നു.

- ➢ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.
- ➢ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.
- ➢ പദ്ധതി പ്രദേശത്ത് നിന്നുള്ള കുടിയൊഴിപ്പിക്കൽ പദ്ധതിയുടെ കഠിനമായ ഒരു ആഘാതമായി പരിഗണിച്ചുകൊണ്ട് വേഗത്തിലുള്ള പുനരധിവാസ നടപടികൾ നടപ്പിലാക്കുക.
- ➢ പദ്ധതിമൂലം ഉപജീവനം നഷ്ടപ്പെടുന്നവർക്ക് കാലതാമസം കൂടാതെ അത് പുനഃസ്ഥാപിക്കുന്നതിനുള്ള നഷ്ടപരിഹാരം നൽകുക.

- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ അടച്ചിടേണ്ടി വരുന്ന ബിസിനസ്സ് സ്ഥാപനങ്ങളിലെ ജീവനക്കാർക്കും മറ്റ് വരുമാന മാർഗ്ഗങ്ങളില്ലാത്ത സ്ഥാപന ഉടമകൾക്കും അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക
- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും പദ്ധതി നിലവിൽ വരുമ്പോഴും ഭൂവുടമകൾക്ക് അവരുടെ ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗം നഷ്ടപ്പെടാത്ത രീതിയിൽ ബദൽ സംവിധാനം ചെയ്യുക.

## അദ്ധ്യായം 2

## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പെടെ പദ്ധതിയുടെ പശ്ചാത്തലം

കേരള സർക്കാരിൻെറ 2017–18 ലെ ബജറ്റവതരണത്തിൽ 100 കോടി രൂപ കണക്കാക്കി കിഫ്ബിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ് ദേശീയ പാത വയലാർ കവല മുതൽ പള്ളിപ്പുറം ഇൻഫോപാർക്ക് വരെ റോഡ്/പാലം നിർമ്മാണ പദ്ധതി.. 10.07.2017 തിയതിയിലെ GO നമ്പർ 942/2017/PWD പ്രകാരം സാമ്പത്തീകാനുമതി ലഭിക്കുന്നതിന് കിഫ്ബി നിർദ്ദേശിച്ച പ്രകാരം മണ്ണ് പരിശോധന 24.09.2017 ൽ പൂർത്തീകരിച്ച് DRIQ ,TVM ന് സമർപ്പിക്കുക്കുകയും 26.12.2017 ൽ പദ്ധതിയുടെ പുതിയ രൂപരേഖ ലഭിക്കുകയും ചെയ്തു. പുതിയ ഡിസൈൻ പ്രകാരമാണ് പ്രസ്തുത പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കപ്പെടുന്നത്. ഈ പദ്ധതി ഇപ്പോൾ കിഫ്ബിയുടെ സ്പെഷ്യൽ ഇൻവെസ്റ്റ്മെൻറ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 2.1.1 പദ്ധതി നടപ്പിലാക്കുന്ന ഏജൻസി

എക്സിക്ക്യൂട്ടീവ് എഞ്ചിനീയർ, കേരള റോഡ് ഫണ്ട് ബോർഡ്–പി.എം.യു, ആലപ്പുഴ ആണ് പദ്ധതിയുടെ അർത്ഥനാധികാരി.

### 2.1.1(b) ഭൂമി ഏറ്റെടുക്കൽ അധികാരി

നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ അധികാരി സ്പെഷ്യൽ തഹസിൽദാർ. കിഫ്ബി, ചേർത്തല ആണ്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഉത്തരവാദിത്തം അദ്ദേഹത്തിൽ നിക്ഷിപ്തമാണ്.

### 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പെടെ പദ്ധതിയുടെ യുക്തി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ്

2(1)b(i) പ്രകാരം പൊതു ആവശ്യം എന്നു പറയുന്നത്, ഇന്ത്യാ ഗവണ്മെൻറിൻെറ സാമ്പത്തിക വിഭാഗം 27.03.2012 ന് പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ 13/6/2009–INF പ്രകാരമുള്ള പ്രവർത്തനങ്ങളാണ്. ദേശീയ പാത വയലാർ ജംഗ്ഷൻ മുതൽ പള്ളിപ്പുറം ഇൻഫോപാർക്ക് റോഡ്/പാലം നിർമ്മാണം അടിസ്ഥാന പദ്ധതികളുടെ പൊതു ആവശ്യത്തിൻെറ പരിധിയിൽ വരുന്നതാണ്. പുതിയ പാലം വരുന്നതോടെ രണ്ട് ദ്വീപുകളെ തമ്മിൽ ബന്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പള്ളിപ്പുറം ഭാഗത്തുള്ളവർക്ക് എളുപ്പത്തിൽ ദേശീയ പാതയിലേക്ക് എത്തിച്ചേരുവാൻ സഹയകമാകുന്നു. ചേർത്തല അരൂക്കുറ്റി റോഡിലെ ഗതാഗത് കുരുക്ക് കുറക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിക്കും.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

വയലാർ കിഴക്ക്, പള്ളിപ്പുറം എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന മൊത്തം 323 സെൻറ് ഭൂമി ആണ് ഈ പദ്ധതിക്കുവേണ്ടി എറ്റെടുക്കേണ്ടി വരുന്നത്. ഈ പദ്ധതിക്കായി സാമ്പത്തീകാനുമതി ലഭിച്ചിരിക്കുന്നത് 98.14 കോടി രൂപയാണ്. ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര തുകയും ഉൾപ്പെടുന്നു.

## 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

പദ്ധതിയുമായി ബന്ധപ്പെട്ട് ഇതര മാർഗ്ഗങ്ങൾ പരിഗണിച്ചിട്ടില്ല.

## 2.5. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

നിലവിലെ ഡിസൈനിംങ് പ്രകാരം 18 സ്പാനുകളുള്ള പ്രസ്തുത പാലത്തിൻെറ മൊത്തം നീളം 634.15 മീറ്ററും 7.50 മീറ്റർ ക്യാരേജ് വേയുമാണുള്ളത്. പാലത്തിൻെറ ഇരു വശങ്ങളിലായി 1.5 മീറ്റർ വീതിയിൽ നടപ്പാതയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പാലത്തിൻെറ രൂപകൽപനയിൽ 34.7 മീറ്റർ നീളമുള്ള 2 സ്പാനുകൾ, 35 മീറ്റർ നീളമുള്ള 6 സ്പാനുകൾ, 35.45 മീറ്റർ നീളമുള്ള 10 സ്പാനുകൾ എന്നിവ ഉൾപ്പെടുന്നു. 10 മീറ്റർ നീളത്തിലുള്ള ചാത്തഞ്ചിറ പാലത്തിൻെറ പുനർ നിർമ്മാണവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

## 2.6 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

ബാധകമല്ല

## 2.7 ആവശ്യമായ തൊഴിൽ ശക്തി

പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന കരാറുകാരനായിരിക്കും തൊഴിൽശക്തി ക്രമീകരിക്കുന്നത്.

**2.8. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ**

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് സാമൂഹ്യ/പാരിസ്ഥിതിക പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളൊന്നും നടന്നിട്ടില്ല.

**2.9. ബാധകമായ നിയമങ്ങളും നയങ്ങളും**

ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013.
- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015.
- കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി.

# അദ്ധ്യായം 3

## പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) 4–ാം വകുപ്പ് 1–ാം ഉപവകുപ്പ്, സമുചിത സർക്കാർ പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുമ്പോഴെല്ലാം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം (എസ്.ഐ.എ) നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അപ്രകാരം ആലപ്പുഴ ജില്ലയിലെ ദേശീയ പാത വയലാർ ജംഗ്ഷൻ മുതൽ പള്ളിപ്പുറം ഇൻഫോപാർക്ക് വരെ റോഡ്/പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിന് വേണ്ടിയുള്ള എസ്.ഐ.എ യൂണിറ്റായി പ്രിൻസി ജേക്കബിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. (അവലംബം: 21.11.2022 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഗസറ്റ്, അസാധാരണം വിജ്ഞാപനം നമ്പർ 3925)

### 3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി ഈ മേഖലയിലും സമാന മേഖലകളിലും പ്രത്യേകിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പരിചയമുള്ളവരേയും മതിയായ യോഗ്യത ഉള്ളവരേയും പഠന സംഘത്തിൽ ഉൾപ്പെടുത്തി. അവർക്കു നിശ്ചിത ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും നൽകി. പഠന സംഘത്തിൻെറ വിശദാംശങ്ങൾ താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.1.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയോഗ്യത, പദവി | പ്രവർത്തനപരിചയം. |
|---|---|---|---|
| 1 | പ്രിൻസി ജേക്കബ് | എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ, എസ്.ഐ.എ യൂണിറ്റ് | വികസനമേഖലയിൽ 26 വർഷം. |
| 2 | ഐജൻ സി.എ | ബി എ, ബി എഡ്, ഫീൽഡ് ഓഫീസർ | വികസനമേഖലയിൽ 27 വർഷം. |
| 3 | എലിസബത്ത് രേഷ്മ | ഫീൽഡ് ഇൻവെസ്റ്റിഗറ്റർ | വികസനമേഖലയിൽ 2 വർഷം. |
| 4 | സന്തോഷ് കാർക്കി | എം.എസ്.ഡബ്ല്യൂ, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ | |
| 5 | ഷെൽമി അലക്സ് | ഡാറ്റാ എൻെററി ഓപ്പറേറ്റർ | 5 വർഷത്തെ പ്രവൃത്തി പരിചയം |

**3.2 പഠനത്തിനുപയോഗിച്ച പദ്ധതി ശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവര ശേഖരണം നടത്തിയ രീതിയും**

പഠന സംഘം പദ്ധതി ബാധിത പ്രദേശം സന്ദർശിക്കുകയും ഭൂമി ഏറ്റെടുക്കൽ കല്ലിൻെറ വിന്യാസ പ്രകാരം പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തയ്യാറാക്കി. വിവര ശേഖരണത്തിൻെറ ഭാഗമായി പദ്ധതി ബാധിത ജനങ്ങളുടെ ഇടയിൽ സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തുകയും ചെയ്തു. നിർദ്ദിഷ്ട പദ്ധതിയുടെ വിവരങ്ങൾ കെ.ആർ എഫ്.ബി-പി.എം.യു, ആലപ്പുഴയിൽ നിന്നും ശേഖരിച്ചു. ഈ രീതിയിലൂടെ ശേഖരിച്ച വിവരങ്ങളാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കിയത്. ഇത് പബ്ലിക് ഹിയറിംഗിൽ അവതരിപ്പിക്കുകയും പബ്ലിക് ഹിയറിംഗിൽ പദ്ധതി ബാധിതരുടേയും ജനപ്രതിനിധികളുടേയും അഭിപ്രായങ്ങൾക്കും ആശങ്കകൾക്കും അർത്ഥനാധികാരിയായ കെ.ആർ.എഫ്.ബിയുടെ കാര്യാലയത്തിൽ

നിന്നും കിഫ്ബി സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിൽ നിന്നും ലഭിച്ച മറുപടികളും ഉൾപ്പെടുത്തിക്കൊണ്ട് സാമൂഹ്യാഘാത പഠനത്തിൻെറ അന്തിമ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഇവ ആഘാതം ദുരീകരിക്കുന്നതിനുള്ള അനുയോജ്യമായ നടപടികൾ കണ്ടെത്തുന്നതിന് സഹായകമായി.

**3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി**

പദ്ധതി ഓരോ കുടുംബത്തേയും വ്യത്യസ്ത രീതിയിൽ ബാധിക്കുന്നതിനാൽ സെൻസസ് രീതിയിലുള്ള വിവരശേഖരണമാണ് പഠനത്തിനായി സ്വീകരിച്ചത്. ആയതിനാൽ പദ്ധതി പ്രദേശത്ത് ലഭ്യമായ പദ്ധതി ബാധിതമാകുന്ന മുഴുവൻ കുടുംബങ്ങളേയും വിവരശേഖരണത്തിൽ ഉൾപ്പെടുത്തി.

**3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം**

പ്രാഥമിക വിവരങ്ങളേയും ദ്വിതീയ വിവരങ്ങളേയും ആശ്രയിച്ചാണ് പഠന സംഘം വിവര ശേഖരണം നടത്തിയത്. പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിത ഭൂവുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങളാണ് പ്രാഥമിക ഉറവിടങ്ങൾ. റവന്യൂ വകുപ്പിൽനിന്നും ലഭിച്ച ഭൂരേഖകളും കെ.ആർ എഫ്.ബി-പി.എം.യു, ആലപ്പുഴയിൽ നിന്നും പദ്ധതിയെ സമ്പന്ധിച്ച് ലഭിച്ച വിവരങ്ങളുമാണ് ദ്വിതീയ ഉറവിടങ്ങൾ.

**3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും**

**പട്ടിക 3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ**

| തീയതി | പ്രവർത്തനങ്ങൾ |
|---|---|
| 21.11..2022 | ഗസറ്റ് വിജ്ഞാപനം 4(1) |
| ജനുവരി, ഫെബ്രുവരി 2023 | സാമുഹ്യ-സാമ്പത്തിക വിവരശേഖരണം, പ്രാദേശിക സ്വയംഭരണ പ്രതിനിധിയുമായി കൂടിക്കാഴ്ച |
| 30.01.2023 | പബ്ലിക് ഹിയറിംഗ് സംബന്ധിച്ചുള്ള പത്ര വിജ്ഞാപനം |
| 13.02.2023 | പബ്ലിക് ഹിയറിംഗ് |

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013, 5-ാം വകുപ്പ് പ്രകാരം പദ്ധതി ബാധിത പ്രദേശത്ത് ഒരു പൊതു ഹിയറിംഗ് നടത്തണമെന്ന്

നിഷ്കർഷിക്കുന്നുണ്ട്. ഈ വ്യവസ്ഥയ്ക്ക് അനുസൃതമായി ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുന:സ്ഥാപന നിയമങ്ങൾ, ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടിയുള്ള കേരള ചട്ടങ്ങൾ 2015, സെക്ഷൻ 14 പ്രകാരം വ്യക്തമാക്കിയ പൊതു ഹിയറിംഗിന്റെ വിശദമായ നടപടിക്രമങ്ങൾക്കനുസൃതമായി, 2023 ഫെബ്രുവരി 13 ന് രാവിലെ 11 മണിക്ക് വയലാർ എസ്.എൻ.ഡി.പി. പ്രാർത്ഥനാ ഹാളിൽ വച്ച് വയലാർ കിഴക്ക് വില്ലേജിന്റെ പരിധിയിലുള്ള പദ്ധതി ബാധിത കുടുംബങ്ങൾക്കും അന്നേ ദിവസം ഉച്ചക്ക് 2 മണിക്ക് തിരുനല്ലൂർ സെന്റ് ജോസഫ് ചർച്ച് പാരിഷ് ഹാളിൽ വച്ച് പള്ളിപ്പുറം വില്ലേജിന്റെ പരിധിയിൽ വരുന്ന പദ്ധതി ബാധിത കുടുംബങ്ങൾക്കും വേണ്ടി പബ്ലിക് ഹിയറിംഗ് നടത്തി. പ്രസ്തുത പബ്ലിക് ഹിയറിംഗ് സംബന്ധിച്ച പത്ര വിജ്ഞാപനം മാധ്യമം, ദീപിക എന്നീ രണ്ട് മലയാള ദിനപത്രങ്ങളിൽ നൽകി.. കൂടാതെ ഭൂവുടമകൾക്ക് നേരിട്ടും ഫോണിലൂടേയും അറിയിപ്പ് നൽകുകയും ചെയ്തു.

വയലാർ കിഴക്ക് വില്ലേജിൽ വച്ച് നടത്തിയ പബ്ലിക് ഹിയറിംഗ് രാവിലെ 11 മണിക്ക് ആരംഭിച്ചു. ശ്രീമതി. കവിത ഷാജി, പ്രസിഡന്റ്, ശ്രീ.എം.ജി.നായർ, വൈസ് പ്രസിഡന്റ്, ശ്രീമതി.ഇന്ദിര ജനാർദ്ദനൻ, മെമ്പർ, വാർഡ്-5 & വികസന സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ശ്രീ.അജിത്, മെമ്പർ – വാർഡ്-13, ശ്രീ.ബിൽക്കുൽ, മെമ്പർ, വാർഡ്-14, വയലാർ ഗ്രാമ പഞ്ചായത് സെക്രട്ടറി എന്നിവരും ശ്രീ.അരവിന്ദ് സച്ചിൻ.എസ്,അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി–പി.എം,യു.ആലപ്പുഴ, ശ്രീമതി രമാദേവി, റവന്യൂ ഇൻസ്പെക്ടർ, കിഫ്ബി, ചേർത്തല, എന്നിവരും പങ്കെടുത്തു. ശ്രീ.ഐജൻ.സി.എ, ഫീൽഡ് ഓഫീസർ, എസ്.ഐ.എ. യൂണിറ്റ് ഹിയറിംഗിൽ എത്തിച്ചേർന്നവരെ സ്വാഗതം ചെയ്തു. ശ്രീമതി.കവിത ഷാജി, പഞ്ചായത്ത് പ്രസിഡന്റ് ഹിയറിംഗിന്റെ അദ്ധ്യക്ഷം വഹിച്ചു.നിർദ്ദിഷ്ട പദ്ധതി വയലാർ ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് സഹയകമാകുമെന്നതിനാൽ ഈ പദ്ധതിയുമായി എല്ലാവരും സഹകരിക്കണമെന്ന് ജനപ്രതിനിധികൾ അഭിപ്രായപ്പെട്ടു. ഭൂമി നഷ്ടപ്പെടുന്നവർക്ക് അനുയോജ്യമായ നഷ്ടപരിഹാരം നൽകണമെന്നും ഇവർ ആവശ്യപ്പെട്ടു. ശ്രീ.അരവിന്ദ് സച്ചിൻ.എസ്, അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും ശ്രീമതി.രമാദേവി, റവന്യൂ ഇൻസ്പെക്ടർ

കിഫ്ബി, ചേർത്തല ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. ശ്രീമതി.പ്രിൻസി ജേക്കബ്, ചെയർ പേഴ്സൺ, എസ്.ഐ.എ, യൂണിറ്റ് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിൻെറ കരട് രേഖ അവതരിപ്പിച്ചു. പദ്ധതിയെക്കുറിച്ച് ഹിയറിംഗിൽ പങ്കെടുത്ത ഭൂവുടമകൾ അവരുടെ ആശങ്കകൾ പങ്ക് വച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടിയും നൽകി. മൊത്തം 147 പേർ ഹിയറിംഗിൽ പങ്കെടുത്തു. മീറ്റിംഗ് ഉച്ചക്ക് 1.30 മണിയോടു കൂടി അവസാനിച്ചു.

സെൻറ് ജോസഫ് ചർച്ച്, പാരിഷ് ഹാളിൽ വച്ച് പള്ളിപ്പുറം വില്ലേജിൻെറ പരിധിയിൽ വരുന്ന പദ്ധതിബാധിതരാകുന്നർക്ക് വേണ്ടി സംഘടിപ്പിച്ച ഹിയറിംഗ് ഉച്ചക്ക് 2.30 മണിക്ക് ആരംഭിച്ചു. ശ്രീ.ഐജൻ.സി.എ, ഫീൽഡ് ഓഫീസർ, എസ്.ഐ എ.യൂണിറ്റ് ഹിയറിംഗിൽ എത്തിച്ചേർന്നവരെ സ്വാഗതം ചെയ്തു. ശ്രീ.സുധീഷ്.ടി.എസ്, ചേന്ദംപള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്, ഹിയറിംഗിൻെറ അധ്യക്ഷം വഹിച്ചു. ശ്രീമതി.ഷീല രഘുവരൻ,മെമ്പർ വാർഡ്-13, ശ്രീമതി.പ്രഭാവതി,മെമ്പർ വാർഡ്-14 എന്നീ ജനപ്രതിനിധികളും പങ്കെടുക്കുകയും ചെയ്തു. പള്ളിപ്പുറം പഞ്ചായത്തിൻെറ സമഗ്ര വികസനത്തിന് സഹായകമാകുന്ന ഈ പദ്ധതിയുമ്മായി എല്ലവരും സഹകർക്കണം എന്ന് ജനപ്രതിനിധികൾ അഭിപ്രായപ്പെട്ടു. ശ്രീ.പ്രഭാഷ്.പി, അസ്സിസ്റ്റൻറ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി-പി.എം.യു, ആലപ്പുഴ പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതിബാധിതർ പങ്കു വച്ച ആശങ്കകൾക്ക് മറുപടി പറയുകയും ചെയ്തു. ശ്രീമതി. പ്രിൻസി ജേക്കബ്, ചെയർ പേഴ്സൺ, എസ്.ഐ.എ, യൂണിറ്റ് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിൻെറ കരട് രേഖ അവതരിപ്പിച്ചു. മീറ്റിംഗ് ഉച്ചക്ക് 3.30 മണിയോടു കൂടി അവസാനിച്ചു.

പബ്ലിക്ക് ഹിയറിംഗിൽ പങ്കെടുത്ത പദ്ധതിബാധിതർ ഉന്നയിച്ച ചോദ്യങ്ങളും ആശങ്കകളും അർത്ഥനാധികാരിയുടേയും സ്പെഷ്യൽ തഹസിൽദാരുടേയും കാര്യാലയങ്ങളിലേക്കും എഴുതി നൽകുകയും അതിന് ടി കാര്യാലയങ്ങളിൽ നിന്നും മറുപടി ലഭിക്കുകയും ചെയ്തു. ഇവ അനുബന്ധം 7(1),7(2),7(3) എന്നിവയിൽ നൽകിയിരിക്കുന്നു.

## പബ്ലിക് ഹിയറിംഗ്- വയലാർ കിഴക്ക് വില്ലേജ്













## പബ്ലിക് ഹിയറിംഗ്– പള്ളിപ്പുറം വില്ലേജ്










# അദ്ധ്യായം 4
# സ്ഥലത്തിൻെറമൂല്യനിർണ്ണയം

## 4.1.ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം




**ചിത്രം 4.1 നിർദ്ദിഷ്ട പദ്ധതി പ്രദേശം**

ആലപ്പുഴ ജില്ലയിലെ ദേശീയപാത വയലാർ ജംഗ്ഷനിൽ നിന്നും കിഴക്കോട്ട് 4.5കി.മീ നീളത്തിൽ വയലാർ കായലിന് സമീപമുള്ള കടവ് വരെയുള്ള റോഡിൻെറ ഇരുവശങ്ങളിലുള്ള വസ്തുവകകളും പള്ളിപ്പുറം കോളേജ് ജംഗ്ഷൻ മുതൽ പടിഞ്ഞാറ് ഭാഗത്തേക്ക് 1.5 കി.മീ. നീളത്തിൽ വയലാർ കായലിന് സമീപമുള്ള കടവ് വരേയുള്ള റോഡിൻെറ ഇരുവശങ്ങളിലുള്ള വസ്തുവകകളാണ് പദ്ധതിക്കായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്.വേമ്പനാട് പുഴയുടെ ഭാഗമായുള്ള വയലാർ കായൽ അതിരിടുന്ന വയലാർ വളരെ പ്രസിദ്ധമാണ്. പള്ളിപ്പുറം വില്ലേജ് ചേർത്തല നഗര സഭയുടേയും തയ്ക്കാട്ടുശേരി പഞ്ചായത്തിന് ഇടയിലായി സ്ഥിതി ചെയ്യുന്നു. സിലിക്കയുടെ അംശം അധികമുള്ള വെള്ള നിറത്തിലുള്ള മണ്ണിന് വളരെ പ്രസിദ്ധമാണ് പള്ളിപ്പുറം. കേരള സർക്കാരിൻെറ ഉടമസ്ഥതയിലുള്ള മലബാർ

സിമൻറ്സ് സ്ഥിതി ചെയ്യുന്നത് പള്ളിപ്പുറത്താണ്. ചേർത്തലയുടെ പടിഞ്ഞാറ് ദേശീയ പാത-66 ഉം പള്ളിപ്പുറം ഇൻഫോപാർക്കുമായി ബന്ധിപ്പിക്കുന്നതാണ് നിർദ്ദിഷ്ട പദ്ധതി. പള്ളിപ്പുറം ഗ്രാമത്തിലെ ചേർത്തല ഇൻഫോപാർക്കിൻെറ മൊത്തം വിസ്യതി 60 ഏക്കർ ആണ്. എൻ.എസ്.എസ്.മാനേജ്മെൻറിൻെറ കീഴിലുള്ള എൻ എസ്.എസ്.കോളേജ് സ്ഥിതി ചെയ്യുന്നത് പള്ളിപ്പുറത്താണ്. സമ്പത്തീകമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാൽ സമൂഹത്തിലെ എല്ലാ മേഖലകളിലുള്ളവരുടേയും വിദ്യാഭ്യാസ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് സഹായിക്കുന്നു.

**4.2 പദ്ധതിയുടെ സ്വാധീനം മൂലം പ്രത്യാഘാത ബാധിതമാകുന്ന മൊത്തം പ്രദേശം**

ഭൂമി ഏറ്റെടുക്കുന്നതിനായി പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന കല്ലുകളുടെ വിന്യാസ പ്രകാരവും, പ്രദേശത്തുനിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരവും വയലാർ കിഴക്ക് വില്ലേജിൻെറ പരിധിയിൽ വരുന്ന 192 ഭൂവുടമകളുടേയും പള്ളിപ്പുറം വില്ലേജിൻെറ പരിധിയിൽ വരുന്ന 46 ഭൂവുടമകളുടേയും ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നത്. പദ്ധതി പ്രദേശത്ത് ലഭ്യമല്ലാത്ത ചില ഭൂവുടമകളുടെ വിവരങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

**4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

പദ്ധതി പ്രദേശം ചേർത്തല താലൂക്കിലെ വയലാർ കിഴക്ക്, പള്ളിപ്പുറം എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്നു. മൊത്തം 323 സെൻറ് ഭൂമിയാണ് ഈ പദ്ധതിക്കായി. എറ്റെടുക്കേണ്ടി വരുന്നത്.

**4.4.പദ്ധതി ബാധിത പ്രദേശത്ത് മുന്നേ വില കൊടുത്തു വാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം**

നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതിയ്ക്കുവേണ്ടി മുന്നേ സ്ഥലങ്ങൾ വാങ്ങുകയോ ഏറ്റെടുക്കുകയോ, പാട്ടത്തിത്തിനെടുക്കുകയോ ചെയ്തിട്ടില്ല.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

ആലപ്പുഴ ജില്ലയിലെ ദേശീയപാത വയലാർ ജംഗ്ഷനിൽ നിന്നും കിഴക്കോട്ട് 4.5കി.മീ നീളത്തിൽ വയലാർ കായലിന് സമീപമുള്ള കടവ് വരെയുള്ള റോഡിൻെറ ഇരുവശങ്ങളിലുള്ള വസ്തുവകകളും പള്ളിപ്പുറം കോളേജ് ജംഗ്ഷൻ മുതൽ പടിഞ്ഞാറ് ഭാഗത്തേക്ക് 1.5 കി.മീ. നീളത്തിൽ വയലാർ കായലിന് സമീപമുള്ള കടവ് വരേയുള്ള റോഡിൻെറ ഇരുവശങ്ങളിലുള്ള വസ്തുവകകളുമാ.ണ് പദ്ധതിക്കായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ടി ഭൂമി പുരയിടം, നിലം, പുറമ്പോക്ക്, പുരയിടം/നിലം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്നു.

**4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ മൊത്തം 186 സർവ്വേ നമ്പറുകളിൽപ്പെടുന്ന ഭൂമി ''പുരയിടം'' വിഭാഗത്തിലും 71 സർവ്വേ നമ്പറുകളിൽപ്പെടുന്ന ഭൂമി ''നിലം'' വിഭാഗത്തിലും 7 എണ്ണം ''പുറമ്പോക്ക്'' വിഭാഗത്തിലും 2 എണ്ണം ''പുരയിടം/നിലം'' വിഭാഗത്തിലും ഉൾപ്പെടുന്നു. പദ്ധതി പ്രദേശത്ത് തെങ്ങ്, കമുക്, മാവ്, കുരുമുളക് തുടങ്ങി വിവിധ ഫലവൃക്ഷങ്ങൾ കൃഷിചെയ്യുന്നുണ്ട്. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ ഇവയിൽ നിന്നുള്ള വരുമാനം പല കുടുംബങ്ങൾക്കും നഷ്ടപ്പെടും.

**4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം**

. പദ്ധതി പ്രദേശത്ത് ലഭ്യമായ ഭൂവുടമകളിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം എറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി ഭൂരിഭാഗവും സ്വകാര്യ ഉടമസ്ഥതയിൽ ഉൾപ്പെടുന്നുവെന്ന് മനസ്സിലാക്കുന്നു.. പള്ളിപ്പുറം വില്ലേജിൻെറ പരിധിയിൽ മൊത്തം 46 ഭൂവുടമകളുടേയും വയലാർ കിഴക്ക് വില്ലേജിൻെറ കീഴിൽ മൊത്തം 192 ഭൂവുടമകളുടേയും ഭൂമി ഏറ്റെടുക്കപ്പെടും. സാമൂഹ്യ പ്രത്യാഘാത പഠനത്തിലൂടെ പദ്ധതി ബാധിതമാകുന്ന 228 കുടുംബങ്ങളെ കണ്ടെത്തി. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിൽ പള്ളിപ്പുറം വില്ലേജിൻെറ കീഴിലും വയലാർ കിഴക്ക് വില്ലേജിൻെറ കീഴിലും ഓരോ ഭൂമിയും വയലാർ പഞ്ചായത്തിരിക്കുന്ന ഒരു ഭൂമിയും സർക്കാരിൻെറ ഉടമസ്ഥതയിൽ ഉൾപ്പെടുന്നു.

വിവിധ മതസംഘടനകൾ, മതസ്ഥാപനങ്ങൾ, രാഷ്ട്രീയ സംഘടന എന്നീ 10 ഭൂവുടമകളും പദ്ധതി ബാധിതരിൽ ഉൾപ്പെടുന്നു. പദ്ധതി ബാധിതമാകുന്ന ഭൂവുടമകളുടെ വിവരങ്ങൾ അനുബന്ധം 10 ൽ നൽകിയിട്ടുണ്ട്. പദ്ധതി ബാധിതമാകുന്ന ചില വസ്തുവകകളുടെ ഉടമസ്ഥർ സ്ഥലത്തില്ലാത്തതിനാൽ അവരുടെ വിവരങ്ങൾ ശേഖരിക്കുവാൻ സാധിച്ചിട്ടില്ല. വിജ്ഞാപനത്തിൽ കൊടുത്തിരിക്കുന്ന ഏതാനും സർവ്വേ നമ്പരുകളിലെ ഭൂമി നിലവിലെ അലൈൻമെൻറ് പ്രകാരം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്.

### 4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമികൈമാറ്റവും, വിലയും, ഉപയോഗവും

വിവരദാതാക്കളിൽ നിന്നു ലഭിച്ച വിവരപ്രകാരം കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഒരു ഭൂമിയുടെ ഉടമസ്ഥാവകാശ കൈമാറ്റം നടന്നതായി അറിയുവാൻ സാധിച്ചു.

**പട്ടിക.4.1.പദ്ധതിബാധിത പ്രദേശത്തെ വസ്തുവകകളുടെ ഉപയോഗം**

| ക്രമ നമ്പർ | ഉപയോഗം | എണ്ണം |
|---|---|---|
| 1 | വീടും പുരയിടവും | 63 |
| 2 | തുറസ്സായ ഭൂമി | 79 |
| 3 | കട/ ബിസിനസ്സ് | 54 |
| 4 | വീട്, കട, പുരയിടം | 8 |
| 5 | വാടകക്ക് നൽകിയിരിക്കുന്നത് | 15 |
| 6 | പാർട്ടി ഓഫീസ് | 1 |
| 7 | ലൈബ്രറി | 1 |
| 8 | ബാങ്ക് | 1 |
| 9 | കോളേജ് | 1 |
| 10 | മത സ്ഥാപനം | 2 |
| 11 | മതസംഘടന | 2 |
| 12 | നിലം | 9 |
| 13 | സർക്കാർ സ്ഥാപനം | 3 |

പദ്ധതി ബാധിത പ്രദേശത്ത് വീടും പുരയിടവുമായി ഉപയോഗിക്കുന്നവർ 63 ഉം, ചെറിയ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നവർ 54 ഉം ആണ്. വീടിനോട് ചേർന്ന് കട നടത്തുന്നവർ 8 പേർ ആണ്. തുറസ്സായ ഭൂമി ഏറ്റെടുക്കപ്പെടുന്നത് 79 എണ്ണമാണ്. എൻ.എസ്.എസ്.കോളേജ്, പള്ളിപ്പുറം, സെൻറ് ജോസഫ് ചർച്ച്, തിരുനല്ലൂർ,

തിരുനാഗംകുളംങ്ങര ദേവസ്വം, വയലാർ, എന്നീ മത സ്ഥാപനങ്ങളുടേയും എസ്.എൻ.ഡി.പി,, എൻ.എസ്.എസ്.കരയോഗം എന്നീ മത സംഘടനകളുടേയും ഉടമസ്ഥതയിലുള്ള ഭൂമിയും ഏറ്റെടുക്കപ്പെടുന്നു.

## അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പ്രസ്തുത പദ്ധതി മൂലം പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

### 5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

### 5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

ആലപ്പുഴ ജില്ലയിലെ പ്രസ്തുത പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ പ്രത്യക്ഷ ആഘാത ബാധിതരാകുന്നത് വയലാർ കിഴക്ക്, പള്ളിപ്പുറം എന്നീ വില്ലേജുകളിലെ ഭൂവുടമകൾ ആണ്. മൊത്തം 238 ഭൂവുടമകൾ ആണ് പദ്ധതി ബാധിതമാകുന്നത്. പദ്ധതി ബാധിതരാകുന്നവരുടെ വിശദാംശങ്ങൾ അനുബന്ധം 10 ൽ നൽകിയിരിക്കുന്നു.

### 5.1.2 പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം:

ആഘാതബാധിതരാകുന്ന 69% കുടുംബങ്ങളും ഒ.ബി.സി വിഭാഗത്തിലും, 27% കുടുംബങ്ങൾ പൊതു വിഭാഗത്തിലും 4% കുടുംബങ്ങൾ എസ്,സി വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്.

### 5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

പദ്ധതി പ്രദേശത്ത് പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തിയിട്ടില്ല.

### 5.3. പൊതു വിഭവങ്ങൾ ആഘാത ബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

ഇല്ല

### 5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

ഇല്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്നത് നഗര പ്രദേശം അല്ല.

**5.6. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

റോഡിൻെറ ഇരുവശങ്ങളിലുമുള്ള കടകൾ നടത്തുന്നവരും മറ്റ് ബിസിനസ്സിലേർപ്പെട്ടിരിക്കുന്നവരുടേയും കടകളും കെട്ടിടങ്ങളും വാടകക്ക് കൊടുത്തിരിക്കുന്നവരുടേയും ഉപജീവനമാർഗ്ഗം പദ്ധതി പ്രദേശത്തെ ആശ്രയിച്ചിരിക്കുന്നു. 35 കടകൾ ഭാഗീകമായും 4 കടകൾ പൂർണ്ണമായും 6 മറ്റ് ബിസിനസ്സ് സ്ഥാപനങ്ങളും പദ്ധതി ബാധകമാകും. ഭാഗീകമായി ബാധിക്കപ്പെടുന്ന കടകളുടെ പ്രവർത്തനം പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ തടസ്സപ്പെടുകയും അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടേയും ഉടമകളുടേയും വരുമാനത്തെ സാരമായി ബാധിക്കും. മൊത്തം 45 കുടുംബങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. 5 കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം പൂർണ്ണമായും തടസ്സപ്പെടും.

**5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

പുറമ്പോക്കിൽ കട നടത്തുന്ന ഒരു കുടുംബവും, പദ്ധതി പ്രദേശത്തെ വാടകക്കാരും ഇവിടെയുള്ള വാണിജ്യ സ്ഥാപനങ്ങളിൽ കഴിഞ്ഞ 3 വർഷക്കാലമായി ജോലി ചെയ്യുന്ന ജീവനക്കാരും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

**5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

തെങ്ങ്, കമുക്, മാവ്, പുളി, എന്നീ ഏകദേശം 300 ഫല വൃക്ഷങ്ങൾ പദ്ധതിക്കായി മുറിച്ചു മാറ്റേണ്ടി വരും.

## അദ്ധ്യായം 6

# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

### 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതി ബാധിതമാകുന്ന 228 കുടുംബങ്ങളിൽ ഉൾപ്പെട്ട 908 വ്യക്തികളെ എസ്.ഐ.എ സംഘം കണ്ടെത്തി. 452 പുരുഷന്മാരും 456 സ്ത്രീകളും അടങ്ങുന്നതാണ് പദ്ധതി ബാധിതമാകുന്ന ജനസംഖ്യ. പദ്ധതി ബാധിതമാകുന കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ താഴെ വിശകലനം ചെയ്യുന്നു.

**പട്ടിക 6.1 പദ്ധതി ബാധിത ജനങ്ങളുടെ പ്രായം തിരിച്ചുള്ള വിതരണം**

| പ്രായം | ശതമാനം |
|---|---|
| 0 – 5 വയസ്സ് | 6 |
| 6 – 18 വയസ്സ് | 11 |
| 19– 35 വയസ്സ് | 24 |
| 36 – 49 വയസ്സ് | 25 |
| 50 – 60 വയസ്സ് | 18 |
| 60 വയസ്സിനു മുകളിൽ | 16 |
| **ആകെ** | **100** |

**പട്ടിക 6.2. പദ്ധതി ബാധിത വ്യക്തികളുടെ വിദ്യാഭ്യാസ നിലവാരം**

| വിദ്യാഭ്യാസം | ശതമാനം |
|---|---|
| 1-4 ക്ലാസ്സ് | 16 |
| 5-7 ക്ലാസ്സ് | 22 |
| 8-10 ക്ലാസ്സ് | 23 |
| പ്ലസ് ടു | 18 |
| ബിരുദം | 10 |

| | |
|---|---|
| പ്രൊഫെഷണൽ | 5 |
| ടെക്നിക്കൽ | 6 |
| **ആകെ** | **100** |

**6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും**

പദ്ധതി ബാധിതമാകുന്ന 42% കുടുംബങ്ങളൂടെ മാസ വരുമാനം 5000 രൂപക്ക് താഴെയും 5001 രൂപക്കും 10000 രൂപക്കും ഇടയിൽ മാസ വരുമാനമുള്ള 35% കുടുംബങ്ങളും 10001 രൂപക്കും 20000 രൂപക്കും ഇടയിൽ മാസ വരുമാനമുള്ള 8% കുടുംബങ്ങളും 5% കുടുംബങ്ങളുടെ മാസ വരുമാനം 30000 രൂപക്ക് മുകളിലുമാണ്.

**6.3 ദുർബ്ബലജനവിഭാഗം**

18 വയസ്സിന്ന് താഴെയുള്ള കുട്ടികളും 60 വസിനു മുകളിലുള്ള വൃദ്ധരും ദുർബ്ബല ജനവിഭാഗത്തിൽ ഉൾപ്പെടുന്നു. 18 വയസിനു താഴെയുള്ള 18% കുട്ടികളും 17% പേർ 60 വയസ്സിനു മുകളിൽ ഉള്ളവരുമാണ്.

**6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും**

പദ്ധതി ബാധിത പ്രദേശത്ത് വീടും പുരയിടവുമായി ഉപയോഗിക്കുന്നവർ 63 ഉം, ചെറിയ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നവർ 54 ഉം ആണ്. വീടിനോട് ചേർന്ന് കട നടത്തുന്നവർ 8 പേർ ആണ്. തുറസ്സായ ഭൂമി ഏറ്റെടുക്കപ്പെടുന്നത് 79 എണ്ണമാണ്. എൻ.എസ്.എസ്.കോളേജ്, പള്ളിപ്പുറം, സെൻറ് ജോസഫ് ചർച്ച്, തിരുനല്ലൂർ, തിരുനാഗംകുളംങ്ങര ദേവസ്വം, വയലാർ, എന്നീ മത സ്ഥാപനങ്ങളുടേയും എസ്.എൻ.ഡി.പി,, എൻ.എസ്.എസ്.കരയോഗം എന്നീ മത സംഘടനകളുടേയും ഉടമസ്ഥതയിലുള്ള ഭൂമിയും ഏറ്റെടുക്കപ്പെടുന്നു.

**6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ**

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ റോഡിൻെറ ഇരു വശങ്ങളിലും ബിസിനസ്സ് ചെയ്യുന്നവരേയും കെട്ടിടങ്ങൾ വാടകക്ക് നൽകിയിരിക്കുന്ന ഭൂവുടമകളുടേയും വരുമാനത്തെ സാരമായി ബാധിക്കുന്നുണ്ട്. പൂർണ്ണമായും ഏറ്റെടുക്കപ്പെടുന്ന കച്ചവട സ്ഥാപനങ്ങൾ വളരെ കുറവാണെങ്കിലും ഭാഗീകമായും ഭാധിക്കപ്പെടുമ്പോൾ ഈ സ്ഥാപങ്ങളുടെ പ്രവർത്തനത്തെ ബാധിക്കും.

നിർമ്മാണ ഘട്ടത്തിൽ ഈ സ് ഥാപനങ്ങൾ അടച്ചിടേണ്ടി വരുന്നത് ബിസിനസ്സ് നടത്തുന്നവരുടേയും അവിടെ ജോലി ചെയ്ത് ജീവിക്കുന്നവരുടേയും ഉപജീവന മാർഗ്ഗം കുറച്ച് കാലത്തേക്കെങ്കിലും തടസ്സപ്പെടും

**6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ**

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ റോഡിൻെറ ഇരുവശങ്ങളിലുമുള്ള ചെറിയ വാണിജ്യ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ഇത് ഇവരുടെ ഉപജീവന മാർഗ്ഗ്ത്തേയും വരുമാനത്തേയും ബാധിക്കും.

**6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

പദ്ധതി ബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും അണുകുടുംബങ്ങളാണ്. സാംസ്കാരിക സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടുന്നില്ല

**6.8 ഭരണ സംഘടനകൾ**

വയലാർ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന ഭൂമി പദ്ധതി ബാധിതമാകുന്നുണ്ട്.

**6.9 രാഷ്ട്രീയ സംഘടനകൾ**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം ഒരു രാഷ്ട്രീയ സംഘടനുടെ കെട്ടിടത്തെ ബാധിക്കുന്നുണ്ട്.

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകളൊന്നും പദ്ധതിബാധിതമാകുന്നില്ല.

**6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമ പ്രക്രിയ**

മുൻകാലങ്ങളിൽ തെങ്ങ് കൃഷിയിലും തെങ്ങ് കൃഷി, കയർ വ്യവസായം എന്നീ മേഘലകളിൽ ആയിരുന്നു പള്ളിപ്പുറത്തെ ജനങ്ങൾ മുഖ്യമായും ഏർപ്പെട്ടിരുന്നത്. ഈ പ്രദേശത്തെ ജനങ്ങൾ വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിന്നോക്കവസ്ഥയിലായിരുന്നു. എൻ.എസ്.എസ്. കോളേജ്, മറ്റ് .വിവിധ വിദ്യാഭ്യാസ സ്ഥാപങ്ങൾ, ഇൻഫോപാർക്ക്, മലബാർ സിമൻറ്സ് മുതലായ സ്ഥാപനങ്ങളുടെ സാന്നിധ്യം പള്ളിപ്പുറത്തെ ജനങ്ങളുടെ ജീവിത നിലവാരം ഉയരുന്നതിന് സഹായിച്ചിട്ടുണ്ട്.

## അദ്ധ്യായം 7

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും സാമുഹ്യ പ്രത്യാഘാത നിയന്ത്രണ നടപടികളും നിർബന്ധമാണ്. അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ തിരിച്ചറിയുകയും പദ്ധതിയുടെ സാമൂഹ്യ നേട്ടങ്ങൾ വർദ്ധിപ്പിക്കുക, സാമൂഹ്യ പ്രത്യാഘാത വിപരീതഫലങ്ങൾ ലഘൂകരരിക്കുന്നതിനുള്ള നടപടികൾ മുൻപോട്ട് വയ്ക്കുക എന്നിവയാണ് എസ്.ഐ.എ.യുടെ ലക്ഷ്യങ്ങൾ. നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിൻെറയും ഭാഗമായി പഠന സംഘം പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്നും ഭൂവുടമകളിൽ നിന്നും പദ്ധതി പ്രദേശത്തെ വാർഡ് പ്രതിനിധികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. ഇതിലൂടെ ലഭിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഇത് പബ്ലിക് ഹിയറിംഗിൽ അവതരിപ്പിക്കുകയും പബ്ലിക് ഹിയറിംഗിൽ പദ്ധതി ബാധിതരുടേയും ജനപ്രതിനിധികളുടേയും അഭിപ്രായങ്ങൾക്കും ആശങ്കകൾക്കും അർത്ഥ നാധികാരിയായ കെ.ആർ.എഫ്.ബിയുടെ കാര്യാലയത്തിൽ നിന്നും കിഫ്ബി സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിൽ നിന്നും ലഭിച്ച മറുപടികളും ഉൾപ്പെടുത്തിക്കൊണ്ട് സാമൂഹ്യാഘാത പഠനത്തിൻെറ അന്തിമ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഇവ ആഘാതം ദുരീകരിക്കുന്നതിനുള്ള അനുയോജ്യമായ നടപടികൾ കണ്ടെത്തുന്നതിന് സഹായകമായി.

### 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

ദേശീയ പാത വയലാർ ജംഗ്ഷൻ മുതൽ പള്ളിപ്പുറം ഇൻഫോപാർക്ക് വരെയുള്ള പാലം/റോഡ് നിർമ്മിക്കുന്നതിന് ആലപ്പുഴ ജില്ലയിലെ വയലാർ കിഴക്ക്, പള്ളിപ്പുറം വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോഴുള്ള സാമൂഹ്യ പ്രത്യാഘാതങ്ങൾ കുറക്കുന്നതിന് തഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.
- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.
- പദ്ധതി പ്രദേശത്ത് നിന്നുള്ള കുടിയൊഴിപ്പിക്കൽ പദ്ധതിയുടെ കഠിനമായ ഒരു ആഘാതമായി പരിഗണിച്ചുകൊണ്ട് വേഗത്തിലുള്ള പുനരധിവാസ നടപടികൾ നടപ്പിലാക്കുക.
- പദ്ധതിമൂലം ഉപജീവനം നഷ്ടപ്പെടുന്നവർക്ക് കാലതാമസം കൂടാതെ അത് പുനഃസ്ഥാപിക്കുന്നതിനുള്ള നഷ്ടപരിഹാരം നൽകുക.
- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ അടച്ചിടേണ്ടി വരുന്ന ബിസിനസ്സ് സ്ഥാപനങ്ങളിലെ ജീവനക്കാർക്കും മറ്റ് വരുമാന മാർഗ്ഗങ്ങളില്ലാത്ത സ്ഥാപന ഉടമകൾക്കും അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.
- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും പദ്ധതി നിലവിൽ വരുമ്പോഴും ഭൂവുടമകൾക്ക് അവരുടെ ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗം നഷ്ടപ്പെടാത്ത രീതിയിൽ ബദൽ സംവിധാനം ചെയ്യുക.

**7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ

വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ പുറപ്പെടുവിച്ച G.O.(MS) No.485/2015/RD പ്രകാരവും 29/12/2017 തീയതിയിൽ പുറപ്പെടുവിച്ച G.O.(MS) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനരധിവാസ–പുന:സ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ വയലാർ ജംഗ്ഷൻ മുതൽ പള്ളിപ്പുറം ഇൻഫോപാർക്ക് വരെ റോഡ്/പാലം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് ബാധകമാണ്.

**7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതി രേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

പ്രസ്തുത പദ്ധതിക്കായി മൊത്തം 94.18 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെടുന്നു.

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

അലൈന്മെൻറിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് പബ്ലിക് ഹിയറിംഗിൽ പദ്ധതി ബാധിതരിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും അഭിപ്രായങ്ങൾ വന്നിരുന്നു. പക്ഷേ നിലവിലെ അവസ്ഥയിൽ അലൈന്മെൻറിൽ മാറ്റം സാധ്യമല്ല എന്ന് അർത്ഥനാധികാരി അറിയിച്ചിട്ടുണ്ട്.

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017ന് പുറപ്പെടുവിച്ച വിഞ്ജാപനം G.O (Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും, നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും

പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിക്കുകയും ചെയ്യുക.

**പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

| ക്രമ നമ്പർ | പ്രത്യാഘാതം | പ്രത്യാഘാത നിയന്ത്രണം | സമയക്രമം |
|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയക്രമം. |
| 2 | കെട്ടിടങ്ങൾ ഉൾപ്പെടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | |
| 3 | ഉപജീവനമാർഗ്ഗം/ വരുമാനം നഷ്ടമാകൽ | നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കരിന്റെ പോളിസികൾ പ്രകാരവുമുള്ള പുനരധിവാസ–പുൻ:സ്ഥാപന പാക്കേജ് നൽകുക | |
| 4 | കുടുംബങ്ങളുടെ മാറ്റിപാർപ്പിക്കൽ | 29/12/2017 തീയതിയിലെ കേരള സർക്കാരിന്റെ പോളിസി പ്രകാരം നഷ്ടപരിഹാരം/ പുന:സ്ഥാപനം നൽകുക. | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയക്രമം. |

| | | | |
|---|---|---|---|
| 5 | പ്രവേശനമാർഗ്ഗം തടസ്സമാകൽ | പദ്ധതിമൂലം വസ്തുവകകളിലേക്കുള്ള പ്രവേശനമാർഗ്ഗം തടസ്സപ്പെടുന്ന കുടുംബങ്ങൾക്ക് അവരുടെ ഭൂമിയിലേക്ക് റോഡിൽ നിന്നും നേരിട്ടുള്ള പ്രവേശനം സാധ്യമാക്കുന്നതിന് ബദൽ സംവിധാനം ചെയ്യുക. | നിർമ്മാണ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |
| 6 | പൊതു ഗതാഗതം തടസപ്പെടലും നിർമ്മാണ വേളയിലുള്ള മാലിന്യ രൂപീകരണപ്രശ്നങ്ങളും. | പദ്ധതി നിർവ്വഹണ ഏജൻസി നടപടികൾ നടപ്പിലാക്കുക. | നിർമ്മാണത്തിൻെറ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |
| 7 | വൃക്ഷങ്ങൾ വെട്ടിമാറ്റുന്നതു മൂലം വരുമാനം നഷ്ടമാകൽ | ഫലദായക വക്ഷങ്ങൾക്ക് **RFCTLARR നിയമം 2013** ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക.<br><br>വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയക്രമം. |
| 8 | ആഘാത ബാധിത കുടുംബങ്ങളുടെ വസ്തുക്കളിലെ യൂട്ടിലിറ്റീസിനുണ്ടാകുന്ന കേടുപാടുകൾ | ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുന്ന കേടുപാടുകൾ നികത്തുകയോ പദ്ധതി ബാധിത കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പകരം ക്രമീകരണങ്ങൾ സ്വീകരിക്കുകയോ ചെയ്യുക. | നിർമ്മാണത്തിൻെറ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക |

**7.7 സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കമെന്ന് ഉറപ്പ് നൽകാത്ത നടപടികളും**

ബാധകമല്ല.

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

## 8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരളത്തിലെ RFCTLARR ചട്ടങ്ങൾ 2015, ഗവണ്മെൻറ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ എന്നിവ സ്ഥാപന ഘടനകളേയും ലഘൂകരണ നടപടികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തമുള്ള പ്രധാന വ്യക്തിയേയും വിഭാവനം ചെയ്യുന്നു.

ഭൂമി ഏറ്റെടുക്കപ്പെടുന്ന ദുരിത ബാധിതരായ കുടുംബങ്ങൾക്ക് പുനരധിവാസ–പുന:സ്ഥാപന പദ്ധതി തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാർ നിയോഗിച്ച അഡ്മിനിസ്ട്രേറ്ററാണെന്ന് RFCTLARR ആക്റ്റ്, 2013 നിർവ്വചിക്കുന്നു. പുനരധിവാസ–പുന:സ്ഥാപന പദ്ധതിയുടെ രൂപീകരണം, നിർവ്വഹണം, നിരീക്ഷണം എന്നിവ ഉചിതമായ സർക്കാരിൻെറയും പുനരധിവാസ കമ്മീഷണറുടേയും മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായി അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കും. ദേശീയ പാത വയലാർ കവല മുതൽ പള്ളിപ്പുറം ഇൻഫോപാർക്ക് വരെയുള്ള റോഡ്/പാലം നിർമ്മാണ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കലിനായി നിയോഗിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ ആലപ്പുഴ ജില്ലയുടെ ഡെപ്യൂട്ടി കളക്ടർ (എൽ.എ, ജനറൽ) ആണ്.

പുനരധിവാസ, പുന:സ്ഥാപന പദ്ധതികളുടെ മേൽനോട്ടത്തിനും, വിലയിരുത്തലിനുമായി പദ്ധതി തലത്തിൽ ഒരു പുനരധിവാസ, പുന:സ്ഥാപന കമ്മിറ്റിയുടെ രൂപീകരണത്തിന് RFCTLARR ആക്റ്റ്, 2013 ൻെറ 45–ാം വകുപ്പും, കേരളത്തിലെ RFCTLARR ചട്ടങ്ങൾ, 2015 ലെ ചട്ടം 23 ഉം ശുപാർശ ചെയ്യുന്നു. 23/09/2015 ന് പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) നമ്പർ.485/2015ആർഡി പ്രകാരമുള്ള കേരള സംസ്ഥാന നയം അനുസരിച്ച് ഭൂമി ഏറ്റെടുക്കലിൻെറ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി ജില്ലാ തലത്തിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയ

കമ്മിറ്റിക്കാണ് പുനരധിവാസ–പുന:സ്ഥാപന പ്രവർത്തനങ്ങളുടെ നിരീക്ഷണ ഉത്തരവാദിത്തം:

- ❖ ജില്ലാ കളക്ടർ
- ❖ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അധികാരി
- ❖ ഭൂമി ഏറ്റെടുക്കൽ അധികാരി
- ❖ ധനകാര്യ ഒഫീസർ
- ❖ ധനകാര്യ തീരുമാനങ്ങളെടുക്കുന്നതിനുള്ള അർത്ഥനാധികാരിയുടെ പ്രതിനിധി
- ❖ പ്രാദേശിക സ്വയംഭരണ സർക്കാർ സ്ഥാപനങ്ങളിലെ പ്രതിനിധികൾ

**8.2. ഗവർണ്മെന്റേതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായി വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

ഓരോ പ്രവർത്തനവും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം അനുസരിച്ചായിരിക്കും.

## അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

### 9.1. പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

പ്രസ്തുത പദ്ധതിക്കായി മൊത്തം 94.18 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെടുന്നു.

### 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

നിർദ്ദിഷ്ട ഭൂമി എറ്റെടുക്കലിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്ന അഡ്മിനിസ്ട്രേറ്ററാണ് വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും തയ്യാറാക്കേണ്ടത്

### 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

കിഫ്ബിയുടെ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

# അദ്ധ്യായം 10

## സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

### 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

നിലവിലെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രധാന സൂചികകൾ താഴെ പറയുന്നു:

- പുനരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും എടുക്കുന്ന സമയം.
- പദ്ധതി ആഘാത കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക സമയാധിഷ്ടിതമായി നൽകൽ
- സാമൂഹ്യ പ്രത്യാഘാത നിയന്ത്രണത്തിൽ പ്രതിപാദിച്ചിരിക്കുന്ന ദൂരീകരണ നടപടികൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ.

### 10.2. റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും നടപ്പിലാക്കുന്നത്.

### 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

സ്വതന്ത്രമായ ഒരു വിലയിരുത്തലും വിഭാവനം ചെയ്യുന്നില്ല. RFCTLARR Act, 2013 പ്രകാരം നിയമിക്കുന്ന ഉദ്യോഗസ്ഥർ പ്രക്രിയ വിലയിരുത്തും.

## അദ്ധ്യായം 11

## നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം.**

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ ദേശീയ പാത വയലാർ ജംഗ്ഷൻ മുതൽ പള്ളിപ്പുറം ഇൻഫോപാർക്ക് വരെ റോഡ് നിർമ്മിക്കുകയും വയലാർ കായലിന് കുറുകെ പാലം നിർമ്മിക്കുന്നതാണ് നിർദ്ദിഷ്ട പദ്ധതി. പള്ളിപ്പുറം 3 വശവും വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്നു. പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേഗെ, എൻ,എസ്,എസ് കോളേജ്, പള്ളിപ്പുറം എന്നീ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളും ചേർത്തല ഇൻഫോപാർക്ക് എന്നിവ പള്ളിപ്പുറത്താണ് സ്ഥിതി ചെയ്യുന്നത്. ഇവിടെയുള്ള കോളേജുകളിലെ വിദ്യാർതഥികളും ഇൻഫോ പാർക്കിൽ ജോലി ചെയ്യുന്ന ഭൂരിഭാഗം ജോലിക്കാരും വയലാറിലും ആലപ്പുഴയുടെ പടിഞ്ഞാറ് ഭാഗത്തും താമസിക്കുന്നവരാണ്. ഇവർ ചേർത്തലയിൽ എത്തിയ ശേഷം മത്രമണ് പള്ളിപ്പുറത്ത് എത്തുന്നതിന് സാധിക്കുന്നത്. ഇത് വളരെയധികം സമയം നഷ്ടപ്പെടുത്തുന്നു..വയലാർ കായലിന് കുറുകെ പാലം നിർമ്മിക്കുന്നത് ജനങ്ങളുടെ യാത്രാക്ലേശം കുറക്കുന്നതിനും പള്ളിപ്പുറത്തിന്റെ വികസനത്തിന് സഹായകമാവുകയും ചെയ്യും.

നിർദ്ദിഷ്ട് പദ്ധതിക്കായി ഭൂമി എറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള നിയമം 2013 വകുപ്പ് 2(b)(i) പ്രകാരം ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

**നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കപ്പെടുന്നതുമൂലം ഉണ്ടകാനിടയുള്ള പ്രത്യാഘാതങ്ങൾ:**

- ❖ വയലാർ കിഴക്ക് വില്ലേജിലെ 192 ഭൂവുടമകളുടേയും പള്ളിപ്പുറം വില്ലേജിലെ 46 ഭൂവുടമകളുടേയും ഉടമസ്ഥതയിലുള്ള ഭൂമി ഏറ്റെടുക്കപ്പെടും. കേരള വാട്ടർ അതോറിറ്റിയുടെ പള്ളിപ്പുറം, വയലാർ എന്നീ രണ്ട് ഗ്രാമ പഞ്ചായത്തുകളിലുള്ള ഭൂമിയും വയലാർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന ഭൂമിയും ഏറ്റെടുക്കപ്പെടുന്ന വയിൽ വയിൽ ഉൾപ്പെടുന്നു.
- ❖ പദ്ധതി പ്രദേശത്തെ 2 വീടുകൾ പൂർണ്ണമായും 10 വീടുകൾ ഭാഗീകമായും പൊളിച്ച് മാറ്റപ്പെടും.അഞ്ച് വീടുകളുടെ കിണർ, സെപ്റ്റിടാങ്ക്, അടുക്കള മറ്റ് യൂട്ടിലിറ്റീസ് എന്നിവ ഭാഗീകമായോ പൂർണ്ണമായോ പൊളിച്ച് മാറ്റേണ്ടി വരും.
- ❖ 5 കുടുംബങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നു, 41 കുടുംബങ്ങൾ പദ്ധതി ബാധിത പ്രദേശത്ത് ബിസിനസ്സ് അല്ലെങ്കിങ്കിൽ വാടകക്ക് കെട്ടിടങ്ങൾ നൽകി വരുമാനം കണ്ടെത്തുന്നുണ്ട്. നിർമ്മാണ ഘട്ടത്തിൽ ഈ കുടുംബങ്ങളുടേയും ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടേയും ഉപജീവനമാർഗ്ഗം/വരുമനം മാർഗ്ഗം തടസ്സപ്പെടും.
- ❖ പദ്ധതി പ്രദേശത്തെ റോഡിന് ഇരുവശങ്ങളിലുമുള്ള 63 കുടുംബങ്ങളുടെ ചുറ്റുമതിൽ, 49 കുടുംബങ്ങളുടെ മതിൽ/ഗേറ്റ് എന്നിവ പൊളിച്ച് മാറ്റേണ്ടി വരും റോഡിന് ഇരുവശങ്ങളിലുമുള്ള കടകൾ, സ്ഥാപനങ്ങൾ എന്നിവയെ ഭാഗീകമായോ പൂർണ്ണമായോ ബാധിക്കും
- ❖ പാലം നിർമ്മാണത്തിനായി പദ്ധതി പ്രദേശത്ത് നിന്നും തെങ്ങ്, കമുക്, മാവ് എന്നീ മരങ്ങൾ ഉൾപ്പെടെ ഏകദേശം 300 വിവിധ ഫലദായക വൃക്ഷങ്ങൾ മുറിച്ചു മാറ്റപ്പെടും.

**താഴെ വിവരിക്കുന്ന ശുപാർശകൾ പദ്ധതിയുടെ ആഘാതം ദുരീകരിക്കുന്നതിന് പഠന സംഘം നിർദ്ദേശിക്കുന്നു.**

- ➢ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.

- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.
- പദ്ധതി പ്രദേശത്ത് നിന്നുള്ള കുടിയൊഴിപ്പിക്കൽ പദ്ധതിയുടെ കഠിനമായ ഒരു ആഘാതമായി പരിഗണിച്ചുകൊണ്ട് വേഗത്തിലുള്ള പുനരധിവാസ നടപടികൾ നടപ്പിലാക്കുക.
- പദ്ധതിമൂലം ഉപജീവനം നഷ്ടപ്പെടുന്നവർക്ക് കാലതാമസം കൂടാതെ അത് പുനഃസ്ഥാപിക്കുന്നതിനുള്ള നഷ്ടപരിഹാരം നൽകുക.
- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ അടച്ചിടേണ്ടി വരുന്ന ബിസിനസ്സ് സ്ഥാപനങ്ങളിലെ ജീവനക്കാർക്കും മറ്റ് വരുമാന മാർഗ്ഗങ്ങളില്ലാത്ത സ്ഥാപന ഉടമകൾക്കും അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.
- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും പദ്ധതി നിലവിൽ വരുമ്പോഴും ഭൂവുടമകൾക്ക് അവരുടെ ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗം നഷ്ടപ്പെടാത്ത രീതിയിൽ ബദൽ സംവിധാനം ചെയ്യുക.

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

ദേശീയ പാത വയലാർ ജംഗ്ഷൻ മുതൽ പള്ളിപ്പുറം ഇൻഫോ പാർക്ക് വരെ റോഡ്/പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുമെങ്കിലും വയലാർ, പള്ളിപ്പുറം പഞ്ചായത്തുകളുടെ സമഗ്ര വികസനത്തിന് ടി പദ്ധതി മുഖ്യ പങ്ക് വഹിക്കുമെന്നതിനാൽ പദ്ധതി ബാധിതരിൽ ഭൂരിഭാഗവും പദ്ധതിയോട് അനുകൂല നിലപാടാണ്. കൂടതെ ഈ പദ്ധതിക്കായി ഏറ്റവും കുറവ് ഭൂമിയാണ് ഏറ്റെടുക്കുന്നതെന്ന് പഠന സംഘം വിലയിരുത്തുന്നു. മുകളിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിലും പദ്ധതിയുടെ ഗുണങ്ങളും ദോഷങ്ങളും തുലനം ചെയ്തതിനുശേഷവും ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ദുരീകരണ നടപടികൾ യഥാവിധം നടപ്പിലാക്കിയാൽ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ ഇതിന്റെ വിപരീത പ്രത്യാഘാതങ്ങളേക്കാൾ